# ഒരു മഴക്കാലത്ത്

**തമ്പി ആന്റണി**

*അന്ന്
ഒരു മഴക്കാലമായിരുന്നു.
മണ്ണ് വിണ്ണിനിണയായി
നാണിച്ചു നിന്ന ദിവസം
എനിക്കെന്നും പ്രിയമുള്ള
കർക്കിടകസന്ധ്യ
വയൽവരമ്പിൽ
അവളുടെ പാദസ്വരം
കിലുക്കി.
മഴയിൽ കുതിർന്ന
നനുത്ത സൗന്ദര്യം
നഗ്നത
ഒരു ലഹരിയായി
ചലനമറ്റ്
എന്നോടുചേർന്നു നിന്ന്
എതോ ശില്പങ്ങളെ ഓർമ്മിച്ചു.*

*ഒന്നു തൊട്ടുരിയാടുവാൻ
ഒന്നു ചുംബിക്കുവാൻ
ഒരാവേശമായിരുന്നു.
ആരോരുമറിയാതെ
പ്രണയമൊഴികളെഴുതി.
ആകാശവുമറിയാതെ
നമ്മൾ
പുഴയോരത്തിരുന്നു
നിൻചുണ്ടിൽ
വിരിയുന്ന പൂക്കാലം
കാണുവാൻ
നിൻ കണ്ണിലൂദിക്കുന്ന
താരക്കൂട്ടങ്ങളിൽ
മനസു ചേർക്കുവാൻ
മുൻജന്മസുകൃതംപോലെ
നിൻ നിഴലായി
നിന്നിലലിയാൻ
രാവിന്റെ തീരത്തിരുന്നു.
പക്ഷെ.. .. .. നീ .. ..!*

*നിന്റെ കണ്ണിലെ പരിഭവഭാവം
എന്നോടു എന്തോ പറഞ്ഞു.
ഞാൻ
ഏതോ ആലസ്യത്തിൽ നിന്നും
ഞെട്ടിയുണർന്നു.
പിന്നെ
മൗനനൊമ്പരങ്ങളുടെ
തീർത്ഥയാത്ര..!
എന്റെ സ്വപ്നങ്ങൾ
കറുത്ത ചിറകുള്ള
പക്ഷിക്കൂട്ടങ്ങളായി
ദേശാടനത്തിനു പോയത്
അന്നായിരുന്നു.
ആകാശം ഭൂമിയെ പ്രണയിച്ച
ആ മൂകരാത്രിയിൽ.*